**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3203** **04-08-2021 - ൽ മറുപടിയ്ക്ക്**

**കൊല്ലം ജില്ലാ ആശുപത്രിയിൽ അടിസ്ഥാന സൗകര്യ വികസന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കൊല്ലം ജില്ലാ ആശുപത്രിയിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതിക്ക് കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭിച്ചിട്ടും ടെൻഡർ നടപടികൾ ആരംഭിക്കാത്തതിന്റെ കാരണം എന്താണ്; വിശദാംശം ലഭ്യമാക്കുമോ? | (എ) | കൊല്ലം ജില്ലാ ആശുപത്രിയുടെ വികസനത്തിന് 104.48 കോടി രൂപയുടെ സാമ്പത്തിക അനുമതി 26.02.2021ലെ ഉത്തരവ് പ്രകാരം വ്യവസ്ഥകൾക്ക് വിധേയമായി കിഫ്ബി നൽകിയിട്ടുണ്ട് കെട്ടിടത്തിന്റെ GRIHA 3 star rating ലഭിക്കുന്നതിന് പ്ലാനിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി പുതുക്കിയ സാമ്പത്തിക അനുമതിക്കുള്ള ശിപാർശ കിഫ്ബിയിൽ നൽകിയ ശേഷം ടെണ്ടർ നടപടികളിലേക്ക് കടക്കാനാണ് സാമ്പത്തികാനുമതി നൽകിയ ഉത്തരവിൽ കിഫ്ബി നിർദേശിച്ചിട്ടുള്ളത്. GRIHA 3 star rating ഉറപ്പ് വരുത്തുന്നതിന് വിശദമായ പദ്ധതി രേഖയിൽ ആവശ്യമായ മാറ്റങ്ങൾ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കെ.എസ്.ഇ.ബി. നടത്തി വരികയാണ്. ഇത് പൂർത്തിയാക്കി കിഫ്ബിയിൽ സമർപ്പിച്ച് അനുമതി വാങ്ങിയ ശേഷമേ ടെണ്ടർ നടപടികൾ ആരംഭിക്കാൻ കഴിയൂ. വിശദ പദ്ധതിരേഖയിൽ നിർദേശിച്ച മാറ്റങ്ങൾ വരുത്തി കിഫ്ബിയുടെ അനുമതി വാങ്ങി എത്രയും വേഗം ടെണ്ടർ നടപടികളിലേക്ക് കടക്കാൻ കെ.എസ്.ഇ.ബിയ്ക്ക് നിർദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ